**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 28 - 26/09/2011 ലെ മറുപടിക്ക്**

**സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. ഉമ്മൻ ചാണ്ടി** |
| **,, കെ. സുരേഷ് കുറുപ്പ്** | **(മുഖ്യമന്ത്രി)** |
| **പ്രൊഫ. സി. രവീന്ദ്രനാഥ്** | |

| | |
|---|---|
| എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കേണ്ടത് സംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതിയടങ്കൽ നിശ്ചയിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെയും ആസൂത്ര കമ്മീഷൻ ഉപാദ്ധ്യക്ഷന്റെയും ചർച്ചയിൽ സംസ്ഥാനത്ത് 'ന്യൂ പെൻഷൻ സ്കീം (NPS)' നടപ്പിലാക്കുന്നകാര്യം പരിഗണിക്കണമെന്ന് ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) ഈ വർഷത്തേയ്ക്കുള്ള പദ്ധതിയുടെ ചർച്ചാവേളയിൽ മുഖ്യമന്ത്രിയും ആസൂത്രണ കമ്മീഷനും തമ്മിൽ ഇതു സംബന്ധമായി ചർച്ച നടത്തുകയുണ്ടായോ; കേരളത്തിന്റെ പരിഷ്കരണ നിർദ്ദേശം എന്തായിരുന്നു; | |
| സി) ജീവനക്കാരുടെ പെൻഷൻ എങ്ങിനെ പരിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതിയടങ്കൽ അംഗീകരിക്കുന്നതിനായി മുഖ്യമന്ത്രിയും കേന്ദ്ര ആസൂത്ര കമ്മീഷൻ ഉപാദ്ധ്യക്ഷനും തമ്മിൽ 27/7/2011 ന് ന്യൂഡൽഹിയിൽ വച്ച് ചർച്ച നടന്നു. പ്രസ്തുത ചർച്ചയിൽ സംസ്ഥാനത്ത് 'ന്യൂ പെൻഷൻ സ്കീം (NPS)' നടപ്പിലാക്കുന്നകാര്യം പരിഗണിക്കണമെന്ന് ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

അക്കൗണ്ട്സ് ഓഫീസർ